# സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ

## മത്തായി 5:5

"സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ, അവർ ഭൂമിയെ അവകാശമാക്കും."

യേശുവിന്റെ ഗിരിപ്രഭാഷണത്തിലെ ഒരു ഉപദേശമാണ് നാം മേൽ കണ്ടത്. സൗമ്യത എന്ന സ്വഭാവഗുണം എത്ര അധികം പ്രാധാന്യമുള്ളതാണ് എന്ന് നാം ഇവിടെ കാണുന്നു. അവരെ 'ഭാഗ്യവാന്മാർ' എന്നാണ് വചനത്തിൽ വിശേഷിപ്പിച്ചിരിക്കുന്നത്. ഇന്ന് നാം ആയിരിക്കുന്ന ലോകത്തിൽ ഇതിന് വിപരീതമായ കാഴ്ചകൾ ആണ് നാം കാണുന്നത്. സൗമ്യതയും ശാന്തതയും ഉള്ളവരെ ആരും ഗൗനിക്കുന്നില്ല, അങ്ങനെയുള്ളവർ എണ്ണത്തിൽ കുറവുമാണ്. ന്യായത്തിനും അന്യായത്തിനും വേണ്ടി മുറവിളി കൂട്ടുന്ന ഒരു സമൂഹത്തെയാണ് നാം ഇന്ന് കാണുന്നത്. ഇവിടെയാണ് ഒരു ദൈവപൈതൽ വ്യത്യസ്തനാകേണ്ടത്.

സൗമ്യതയുടെയും ശാന്തതയുടെയും താഴ്മയുടെയും നിറകുടമായിരുന്നു നമ്മുടെ കർത്താവായ യേശുക്രിസ്തു. അതുകൊണ്ടാണ് വചനത്തിൽ ഇപ്രകാരം പറയുന്നത്, "ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോട് പഠിപ്പിൻ" മത്തായി 11:29. ഇന്ന് നാം നമ്മുടെ കർത്താവിനെ മാതൃകയാക്കി പഠിക്കേണ്ടുന്ന കാര്യങ്ങളാണിവ, കാരണം വചനത്തിലുടനീളം നോക്കിയാൽ മറ്റൊരു കാര്യം അവനെ നോക്കി 'പഠിക്കുക' എന്ന് കർത്താവ് ഒരിടത്തും ആവശ്യപ്പെടുന്നില്ല. ദൈവമക്കളായ നമ്മിൽ നിന്നും ഈ സ്വഭാവഗുണങ്ങൾ പുറപ്പെടണം എന്നാണ് ദൈവം ആഗ്രഹിക്കുന്നത്.

എന്നാൽ സൗമ്യത ജീവിതമേടുകളിൽ വെളിപ്പെട്ടു വരുന്നുണ്ടോ എന്ന് നാം ശോധന ചെയ്യണം. ഉള്ളിൽ എളിമയുള്ളവർക്കേ എപ്പോഴും ശാന്തത എന്ന സ്വഭാവം കാണിക്കാൻ കഴിയുകയുള്ളൂ. ഒരു ദൈവപൈതലിന് ഏത് സാഹചര്യത്തിലും സൗമ്യതയോടും ശാന്തതയോടും ആയിരിപ്പാൻ കഴിയണം. സാഹചര്യത്തിന് അനുസരിച്ച് നമ്മുടെ സൗമ്യമായ സ്വഭാവത്തിന് മാറ്റം വരാൻ പാടില്ല. അതു കൊണ്ടാണ് പ്രഭാഷകൻ ഇപ്രകാരം പറയുന്നത്, "ഞെരുക്കുന്ന ദൗർഭാഗ്യങ്ങളിലും ശാന്തത കൈവെടിയരുത്" എന്ന്. ഇത് അത്ര നിസ്സാരമായ കാര്യമല്ല. അതിനായി ദൈവകൃപ കൂടിയേ തീരൂ, സഹനങ്ങളിലൂടെയും പ്രതിസന്ധികളിലൂടെയും കടന്നു പോകേണ്ടതായി വരും. എടുത്തു ചാട്ടക്കാരനായ ഒരാളെ ഒറ്റ അടിക്ക് കൊന്നവനായ മോശയെ ദൈവം 40 വർഷം കൊണ്ട് രൂപാന്തരപ്പെടുത്തി എടുക്കുന്നു. അതിനു ശേഷം വചനത്തിൽ നാം കാണുന്നു, "മോശ എന്ന പുരുഷനോ ഭൂതലത്തിൽ ഉള്ള സകല മനുഷ്യരിലും അതി സൗമ്യനായിരുന്നു." എന്ന്.

അതു കൊണ്ട് ഈ സ്വഭാവഗുണം നമ്മിലും ഉണ്ടാവാനായി പ്രാർത്ഥിക്കാം, പരിശുദ്ധാത്മ സഹായം തേടാം. ദൈവത്തിന്റെ ശക്തമായ കരത്തിൻ കീഴിൽ നമുക്കും താണിരിക്കാം. നമ്മുടെ ജീവിതത്തെ പൂർണ്ണമായി സമർപ്പിക്കാം. ദൈവം അറിയാതെ ഒന്നും സംഭവിക്കുന്നില്ല എന്ന് ഉറയ്ക്കാൻ കഴിയണം. ഇയ്യോബിന്റെ ജീവിതത്തിന്റെ എല്ലാ അനുഭവങ്ങളിലും അവൻ ശാന്തനായിരുന്നു, ദൈവത്തിൽ ആശ്രയിച്ചു. ദൈവം അവനെ തക്കസമയത്തു ഉയർത്തി. നമുക്കും ഇതു പോലെ ആവാൻ പരിശ്രമിക്കാം. പ്രാർത്ഥിക്കാം.

**പരാമർശം:**

**യെശയ്യാവ് 29:19**

സൗമ്യതയുള്ളവർക്കു യഹോവയിൽ സന്തോഷം വർദ്ധിക്കയും മനുഷ്യരിൽ സാധുക്കളായവർ യിസ്രായേലിന്റെ പരിശുദ്ധനിൽ ആനന്ദിക്കയും ചെയ്യും.

**സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 074**